**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **23-02-2026 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്ന വിധം കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള മാരിടൈം ബോർഡിനു കീഴിലെ ഓപ്പറേഷണൽ നോൺ - മേജർ തുറമുഖങ്ങളായ കോവളം - വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴിക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചരക്ക് / യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി വിവിധ കപ്പൽ കമ്പനി പ്രതിനിധികളുമായി ചർച്ചകൾ നടന്നു വരികയാണ്. എന്നാൽ ഇത്തരത്തിൽ ഒരു സർവ്വീസ് നടത്തുന്നതിനായി അനുയോജ്യമായ കപ്പലുകൾ ലഭ്യമല്ലാത്തതും, റിട്ടേൺ കാർഗോയുടെ അഭാവം മൂലം സാമ്പത്തിക പരമായി ലാഭകരമല്ല എന്ന കാരണത്താലും പദ്ധതി ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. റിട്ടേൺ കാർഗോ ഉറപ്പുവരുത്തി പദ്ധതി യാഥാർത്ഥ്യ മാക്കുന്നതിനായി മലബാർ മേഖലയിലെ വ്യാപാരി-വ്യവസായ സംഘടനകളുമായും, വിവിധ കമ്പനി പ്രതിനിധികളുമായും കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിവരികയാണ്. |
| (ബി) | തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്കായി പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്ന തിനായി നിലവിൽ പ്രവർത്തനസജ്ജമായ തുറമുഖങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തി അധികമായി വാർഫ് നിർമിക്കുവാനും കപ്പൽ ചാനലിന്റെ ആഴം കൂട്ടുവാനുമുള്ള പദ്ധതിക്കായി പരിസ്ഥിതി ആഘാത പഠനം നടന്നു വരുന്നു. അതോടൊപ്പം കൊല്ലം ബേപ്പൂർ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിപ്പിക്കുവാനും കൂടുതൽ വികസിപ്പിക്കുവാനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഇതിനായുള്ള തുടർപ്രവർത്തന ങ്ങൾ സ്വീകരിച്ചു വരുന്നു. കേരള മാരിടൈം ബോർഡിനു കിഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരു ത്തുന്നതിനുമായി പൊതു സ്വകാര്യ |

| | | | |
|---|---|---|---|
| | | | പങ്കാളിത്തത്തോടെ (PPP) വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ